# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2692      18.06.2018 ൽ മറുപടിക്ക്**

**വളപട്ടണം ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ പ്രവൃത്തി**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ച വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ പൂർത്തീകരണത്തിനായി തദ്ദേശ-സ്വയംഭരണ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 05/03/2016-ൽ 70 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) കണ്ണൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ കാര്യാലയത്തിൽ ഈ വിഷയത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള സ്ഥലം തീരദേശ നിയന്ത്രണ സോണിന്റെ പരിധിയിൽപ്പെട്ട സ്ഥലമായതിനാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ആരംഭിക്കുന്നതിന് മുൻപായി തീരദേശ നിയന്ത്രണ സോണിന്റെ അധികൃതരിൽ നിന്നും അനുമതി ലഭ്യമാകുന്നതിന് പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും വളപട്ടണം ഗ്രാമപഞ്ചായത്തിലേക്ക് തുടർ നടപടികൾക്കായി കണ്ണൂർ കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അയച്ചിട്ടുണ്ട്. ആയതിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും. |
| (സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) തീരദേശ നിയന്ത്രണ സോണിന്റെ പരിധിയിൽപ്പെട്ട സ്ഥലം ആയതിനാൽ തീരദേശ നിയന്ത്രണ സോണിന്റെ അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ